## 165/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഏത് രാഷ്ട്രീയ പാർട്ടിയിലെ അംഗമാണ്?
   (A) ബി.ജെ.പി.
   (B) കോൺഗ്രസ്സ്
   (C) ബി.ജെ.ഡി.
   (D) സി.പി.ഐ. (എം)

2. 2013-ലെ സിനിമകളിൽ മികച്ച നടനുള്ള ദേശീയ അവാർഡ് ലഭിച്ചത് ആർക്ക്?
   (A) മോഹൻലാൽ
   (B) സുരാജ് വെഞ്ഞാറമൂട്
   (C) മമ്മൂട്ടി
   (D) സലിം കുമാർ

3. അരവിന്ദ് കെജ്‌രിവാൾ അടുത്തയിടെ രൂപം കൊടുത്ത രാഷ്ട്രീയ പാർട്ടി ഏത്?
   (A) ബി.ജെ.പി.
   (B) തൃണമൂൽ കോൺഗ്രസ്സ്
   (C) കോൺഗ്രസ്സ്
   (D) ആം ആദ്മി

4. സുപ്രീംകോടതിയുടെ ഇപ്പോഴത്തെ ചീഫ് ജസ്റ്റീസ് ആര്?
   (A) കെ.ജി. ബാലകൃഷ്ണൻ
   (B) എം.ആർ. ലോധ
   (C) കെ.റ്റി. ദിനേശ്
   (D) സിരിജഗൻ

5. സാക്ഷരതാ ശതമാനം ഏറ്റവും കുറഞ്ഞ സംസ്ഥാനം ഏത്?
   (A) കേരളം
   (B) ഒറിസ്സ
   (C) തെലുങ്കാന
   (D) ബീഹാർ

6. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത് എന്ന്?
   (A) 1947 ആഗസ്റ്റ് 15
   (B) 1947 ജനുവരി 26
   (C) 1950 ആഗസ്റ്റ് 15
   (D) 1950 ജനുവരി 26

7. കേരള നിയമസഭയിലെ ഇപ്പോഴത്തെ സ്പീക്കർ ആര്?
   (A) പി.സി. ജോർജ്ജ്
   (B) ജി. കാർത്തികേയൻ
   (C) രമേശ് ചെന്നിത്തല
   (D) വി.എസ്. അച്യുതാനന്ദൻ

8. ഇന്ത്യയിൽ ഏറ്റവുമവസാനം രൂപം കൊണ്ട സംസ്ഥാനം ഏത്?
   (A) തെലുങ്കാന
   (B) ജാർഖണ്ഡ്
   (C) സീമാന്ധ്ര
   (D) ഛത്തീസ്ഗഡ്

9. ഇന്ത്യയുടെ അതിർത്തികളിൽ സമുദ്രം ഇല്ലാത്ത ദിക്ക് ഏത്?

(A) കിഴക്ക് (B) പടിഞ്ഞാറ്
(C) വടക്ക് (D) തെക്ക്

10. ഇന്ത്യയിലെ ഏറ്റവും ഉയർന്ന കൊടുമുടി ഏത്?

(A) മൗണ്ട് കെ. 2 (B) എവറസ്റ്റ്
(C) ആനമുടി (D) പാലക്കാട് ചുരം

11. അറബിക്കടലിൽ സ്ഥിതിചെയ്യുന്ന ഇന്ത്യയുടെ ഭാഗമായ ദ്വീപുകൾ ഏത്?

(A) ആന്തമാൻ നിക്കോബാർ (B) ശ്രീലങ്ക
(C) ലക്ഷദ്വീപ് (D) ആസ്ട്രേലിയ

12. കിഴക്കൻ പാക്കിസ്ഥാൻ എന്നറിയപ്പെടുന്ന രാജ്യം ഏത്?

(A) ശ്രീലങ്ക (B) നേപ്പാൾ
(C) ബംഗ്ലാദേശ് (D) ചൈന

13. ഗതാഗതമാർഗ്ഗങ്ങളിൽ ഏറ്റവും ചെലവു കുറഞ്ഞത് ഏത്?

(A) കരമാർഗ്ഗം (B) വായുമാർഗ്ഗം
(C) ജലഗതാഗതം (D) മെട്രോ റെയിൽ

14. താഴെ പറയുന്നവയിൽ സ്വകാര്യമേഖലയിൽ പെടാത്തത് ഏത്?

(A) ഇന്ത്യൻ റയിൽവെ (B) ടാറ്റ
(C) ബജാജ് (D) റിലയൻസ്

15. വൈദ്യുതോൽപ്പാദനത്തിന് ആശ്രയിക്കുന്ന ശ്രോതസ്സുകളിൽ ഏറ്റവും ചെലവു കുറഞ്ഞത് ഏത്?

(A) കൽക്കരി (B) ആണവ ഇന്ധനം
(C) വെള്ളച്ചാട്ടം (D) സൗരോർജ്ജം

16. ഇന്ത്യയുടെ അയൽരാജ്യങ്ങളിൽ ഏറ്റവും ചെറുത് ഏത്?

(A) പാക്കിസ്ഥാൻ (B) ശ്രീലങ്ക
(C) നേപ്പാൾ (D) ഭൂട്ടാൻ

17. കയർ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?

(A) തകഴി (B) ചെറുകാട്
(C) കെ. ദാമോദരൻ (D) ചങ്ങമ്പുഴ

18. ഇന്ത്യയിലെ ആദ്യത്തെ ദേശീയ പ്രസ്ഥാനം ഏത്?

(A) മദ്രാസ് സാർവ്വജനിക സഭ (B) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്
(C) ഈസ്റ്റ് ഇന്ത്യ അസ്സോസിയേഷൻ (D) മലയാളി മെമ്മോറിയൽ

19. ഒന്നാം സ്വാതന്ത്ര്യ സമരം നടന്ന വർഷം ഏത്?

(A) 1857 (B) 1587
(C) 1875 (D) 1785

20. 'സതി' എന്ന അനാചാരം നിർത്തലാക്കുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ പ്രവർത്തിച്ച മഹാൻ ആര്?

(A) സ്വാമി ദയാനന്ദ സരസ്വതി (B) ഗോപാലകൃഷ്ണ ഗോഖലെ
(C) രാജാറാം മോഹൻ റോയ് (D) ആനന്ദമോഹൻ

21. ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്ന വനിത ആര്?

(A) സരോജിനി നായിഡു (B) മീരാബഹൻ
(C) സിസ്റ്റർ നിവേദിത (D) റാണി ലക്ഷ്മി റോയ്

22. 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന കൃതിയുടെ കർത്താവ് ആര്?

(A) ഗാന്ധിജി (B) ജവഹർലാൽ നെഹ്റു
(C) രാജേന്ദ്ര പ്രസാദ് (D) അബ്ദുൾ കലാം

23. ഗാന്ധിജിയെ മഹാത്മാ എന്നു വിശേഷിപ്പിച്ചത് ആര്?

(A) സുഭാഷ് ചന്ദ്രബോസ് (B) ജവഹർലാൽ നെഹ്റു
(C) രവീന്ദ്രനാഥ ടാഗോർ (D) മോത്തിലാൽ നെഹ്റു

24. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യം ഏത്?

(A) ഝാൻസി (B) മദ്രാസ്
(C) ഡൽഹി (D) കാശ്മീർ

25. വിവരാവകാശ നിയമം നിലവിൽ വന്ന വർഷം ഏത്?

(A) 2009 (B) 2004
(C) 2005 (D) 2006

26. എല്ലാവർക്കും ദേശീയ പതാക ഉപയോഗിക്കാൻ കഴിയുന്ന ദിവസം ഏത്?

(A) ആഗസ്റ്റ് 15 (B) ആഗസ്റ്റ് 26
(C) ജനുവരി 15 (D) ഫെബ്രുവരി 26

27. ദേശീയപതാകയുടെ മദ്ധ്യഭാഗത്തുള്ള ആരക്കാലുകളുടെ എണ്ണം എത്ര?

(A) 16
(B) 24
(C) 52
(D) 48

28. കുറ്റം ചെയ്യാത്ത ഒരാളെ ജയിലിലടച്ചാൽ അയാൾക്ക് സമീപിക്കാവുന്നത് എവിടെ?

(A) വിവരാവകാശ കമ്മീഷൻ
(B) ഉപഭോക്തൃ തർക്ക പരിഹാര ഫോറം
(C) ബാലാവകാശ കമ്മീഷൻ
(D) മനുഷ്യാവകാശ കമ്മീഷൻ

29. നമ്മുടെ ദേശീയഗാനം ആലപിക്കാൻ വേണ്ട സമയം :

(A) 52 സെക്കന്റ്
(B) 62 സെക്കന്റ്
(C) 58 സെക്കന്റ്
(D) 48 സെക്കന്റ്

30. സാർവ്വ ദേശീയ മനുഷ്യാവകാശ ദിനം എന്ന്?

(A) ഡിസംബർ 1
(B) ഡിസംബർ 10
(C) ഡിസംബർ 25
(D) ഡിസംബർ 11

31. വിവരാവകാശ അപേക്ഷയിൽ തീർപ്പു കൽപ്പിക്കേണ്ട സമയപരിധി എത്ര?

(A) 20 ദിവസം
(B) 60 ദിവസം
(C) 30 ദിവസം
(D) 90 ദിവസം

32. ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങൾ എത്ര?

(A) ഒൻപത്
(B) ആറ്
(C) ഏഴ്
(D) എട്ട്

33. ഭരണഘടനയെ അനുസരിക്കുക എന്നത് നമ്മുടെ ഭരണഘടനയുടെ ഏതു ഭാഗത്തിൽപ്പെടുന്നു?

(A) മൗലികാവകാശങ്ങൾ
(B) നിർദ്ദേശക തത്ത്വങ്ങൾ
(C) മൗലിക കർത്തവ്യങ്ങൾ
(D) പട്ടികകൾ

34. കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗത്തിൽ പെടാത്തത് ഏത്?

(A) മലനാട്
(B) ഇടനാട്
(C) പീഠഭൂമി
(D) തീരപ്രദേശം

35. കേരളത്തിലെ നദികളുടെ എണ്ണം എത്ര?

(A) 44
(B) 24
(C) 64
(D) 104

36. ഏതു കായലിന്റെ തീരത്താണ് കുട്ടനാട് സ്ഥിതിചെയ്യുന്നത്?

(A) അഷ്ടമുടി കായൽ
(B) ശാസ്താംകോട്ട കായൽ
(C) കൊച്ചി കായൽ
(D) വേമ്പനാട്ടു കായൽ

37. വരയാടുകളെ സംരക്ഷിക്കുന്നതിനുവേണ്ടി രൂപം കൊടുത്തിട്ടുള്ളത് ഏത്?

(A) ഇരവികുളം ദേശീയ പാർക്ക്
(B) തിരുവനന്തപുരം മൃഗശാല
(C) തൃശ്ശൂർ മൃഗശാല
(D) മൈസൂർ മൃഗശാല

38. 'മാമാങ്കം' നടന്നിരുന്നത് ഏതു നദിയുടെ തീരത്താണ്?

(A) പെരിയാർ
(B) പമ്പ
(C) മൂവ്വാറ്റുപുഴ
(D) ഭാരതപ്പുഴ

39. 2014 ലോകകപ്പ് ഫുട്ബോൾ മത്സരത്തിനുപയോഗിച്ച പന്തിന്റെ പേര് :

(A) ബ്രസൂക്ക
(B) ബസുംബ
(C) ബസൂബ
(D) ബസലിക്ക

40. ഹൃദയാരോഗ്യത്തെ സഹായിക്കുന്ന 'ഒമേഗ' 3 ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള മത്സ്യം ഏത്?

(A) മത്തി (ചാള)
(B) അയല
(C) ട്യൂണ
(D) കരിമീൻ

41. കേരളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏത്?

(A) പാലക്കാട് ചുരം
(B) ആനമുടി
(C) ലക്കിടി
(D) നെല്ലിയാമ്പതി

42. സുഗന്ധവ്യഞ്ജനോൽപ്പാദനത്തിൽ കേരളത്തിൽ ഒന്നാമത് നിൽക്കുന്ന ജില്ല ഏത്?

(A) എറണാകുളം
(B) ആലപ്പുഴ
(C) വയനാട്
(D) ഇടുക്കി

43. കേരളത്തിന്റെ തെക്കേയറ്റത്തെ വന്യജീവി സങ്കേതം ഏത്?

(A) ഇരവികുളം
(B) തട്ടേക്കാട്
(C) നെയ്യാർ
(D) സൈലന്റ്‌വാലി

44. 'ഒരു ജാതി ഒരു മതം ഒരു ദൈവം' ഈ സന്ദേശം നൽകിയ മഹാൻ ആര്?

(A) ചട്ടമ്പി സ്വാമികൾ
(B) ശ്രീനാരായണ ഗുരു
(C) പണ്ഡിറ്റ് കറുപ്പൻ
(D) മന്നത്ത് പത്മനാഭൻ

45. പൊതു നിരത്തുകളിലൂടെ താഴ്ന്ന ജാതിയിൽ പെട്ടവർക്ക് വഴി നടക്കുന്നതിനുവേണ്ടി നടത്തിയ സമരം :

(A) വൈക്കം സത്യാഗ്രഹം
(B) മാപ്പിള ലഹള
(C) ഗുരുവായൂർ സത്യാഗ്രഹം
(D) ചാന്നാർ ലഹള

46. 2012-ലെ ഒളിമ്പിക്സ് നടന്നത് എവിടെ വച്ച്?

(A) ചൈന
(B) ഇംഗ്ലണ്ട്
(C) ബ്രസ്സീൽ
(D) ഫ്രാൻസ്

47. സംസ്ഥാനത്ത് മുഴുവൻ ജനങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷാപദ്ധതി നടപ്പാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ഏത്?

(A) ഗോവ
(B) ഉത്തർപ്രദേശ്
(C) കർണ്ണാടകം
(D) ആന്ധ്രാപ്രദേശ്

48. ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടം ഏത്?

(A) യേന
(B) ഹൊഗെനക്കൽ
(C) ശിവസമുദ്രം
(D) ജോഗ്

49. 'സുഗന്ധ വ്യഞ്ജനങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്നത് ഏത്?

(A) ഏലം
(B) ഗ്രാമ്പൂ
(C) കറുകപ്പട്ട
(D) കുരുമുളക്

50. കേരളത്തിലെ ആദ്യത്തെ റെയിൽവെ ലൈൻ :

(A) തിരൂർ - ബേപ്പൂർ
(B) തിരൂർ - താനൂർ
(C) തിരുവനന്തപുരം - കന്യാകുമാരി
(D) എറണാകുളം - കോട്ടയം

51. കേരളത്തിലെ ഏറ്റവും വലിയ ജലമേള ഏത്?

(A) ചമ്പക്കുളം വള്ളംകളി
(B) പായിപ്പാട്ട് വള്ളംകളി
(C) നെഹ്റു ട്രോഫി വള്ളംകളി
(D) ആറന്മുള ഉത്രട്ടാതി വള്ളംകളി

52. ലോക ജനസംഖ്യയിൽ ഇന്ത്യയുടെ സ്ഥാനം ഏത്?

(A) ഒന്ന്
(B) മൂന്ന്
(C) നാല്
(D) രണ്ട്

53. ഇന്ത്യയുടെ ദേശീയ കലണ്ടർ ———————— അനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്.

(A) ക്രിസ്തുവർഷം (B) ശകവർഷം

(C) അറബിവർഷം (D) മലയാളവർഷം

54. ഇന്ത്യയുടെ ദേശീയ ഫലം ഏത്?

(A) ചക്ക (B) ആപ്പിൾ

(C) മാങ്ങ (D) ഓറഞ്ച്

55. താഴെ പറയുന്നവയിൽ ഹിമാലയൻ നദികളിൽ ഉൾപ്പെടാത്തത് ഏത്?

(A) ഗംഗ (B) യമുന

(C) ബ്രഹ്മപുത്ര (D) കാവേരി

56. 'മാപ്പിള ലഹള' നടന്ന വർഷം ഏത്?

(A) 1947 (B) 1927

(C) 1921 (D) 1931

57. 'പുലയ' സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ച മഹാൻ ആര്?

(A) ചട്ടമ്പി സ്വാമികൾ (B) ശ്രീനാരായണഗുരു

(C) അയ്യൻകാളി (D) കുമാരഗുരു

58. സംസ്ഥാന നിയമസഭയിലേക്ക് മത്സരിക്കുവാൻ വേണ്ട കുറഞ്ഞ പ്രായം എത്ര?

(A) 25 വയസ്സ് (B) 35 വയസ്സ്

(C) 18 വയസ്സ് (D) 30 വയസ്സ്

59. ഇന്ത്യയിലെ ആദ്യത്തെ വാർത്താവിനിമയ ഉപഗ്രഹം ഏത്?

(A) ആപ്പിൾ (B) ആര്യഭട്ട

(C) ഇൻസാറ്റ് - 1 ബി (D) ഇൻസാറ്റ് - 1 ഡി

60. ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്ന സംസ്ഥാനം ഏത്?

(A) പഞ്ചാബ് (B) ഹരിയാന

(C) ഉത്തർപ്രദേശ് (D) ആന്ധ്രാപ്രദേശ്

61. ആറ്റത്തിന്റെ സൗരയൂഥ മാതൃക ആവിഷ്ക്കരിച്ച ശാസ്ത്രജ്ഞൻ :

(A) നീൽസ്ബോർ
(B) റുഥർഫോർഡ്
(C) ജോൺ ഡാൾട്ടൻ
(D) ജയിംസ് ചാഡ്വിക്

62. വാഹനങ്ങൾ പുറത്തു വിടുന്ന പുകയിൽ അടങ്ങിയിരിക്കുന്ന ലോഹം ഏത്?

(A) കാർബൺ
(B) ടിൻ
(C) ലെഡ്
(D) ക്രോമിയം

63. ചന്ദ്രന്റെ ഉപരിതലത്തിലെ പാറയിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന മൂലകം :

(A) തോറിയം
(B) യുറേനിയം
(C) നെപ്റ്റ്യൂണിയം
(D) ടൈറ്റാനിയം

64. താഴെ പറയുന്നവയിൽ ഏതിനാണ് ആറ്റോമിക നമ്പറും ആറ്റോമിക ഭാരവും തുല്യമായിട്ടുള്ളത്?

(A) ഹൈഡ്രജൻ
(B) ഹീലിയം
(C) ഓക്സിജൻ
(D) നൈട്രജൻ

65. പല്ലുകൾക്ക് തിളക്കം വരാൻ ടൂത്ത്പേസ്റ്റിൽ ഉപയോഗിക്കുന്ന വസ്തു ഏത്?

(A) കാത്സ്യം ക്ലോറൈഡ്
(B) കാത്സ്യം കാർബണേറ്റ്
(C) കാത്സ്യം ഓക്സൈഡ്
(D) കാത്സ്യം ഹൈഡ്രോക്സൈഡ്

66. പ്രവൃത്തിയുടെ നിരക്ക് സമയം കൂടുന്നതനുസരിച്ച് :

(A) കൂടുന്നു
(B) കുറയുന്നു
(C) ഇരട്ടിയാകുന്നു
(D) വ്യത്യാസപ്പെടുന്നില്ല

67. ആപേക്ഷിക ആർദ്രത അളക്കുന്ന ഉപകരണം :

(A) ബാരോമീറ്റർ
(B) മാനോമീറ്റർ
(C) ഹൈഗ്രോമീറ്റർ
(D) ഹൈഡ്രോമീറ്റർ

68. അദിശ അളവ് അല്ലാത്തത് ഏത്?

(A) സമയം
(B) സ്ഥാനാന്തരം
(C) ദൂരം
(D) പിണ്ഡം

69. ദൃശ്യപ്രകാശം സഞ്ചരിക്കുന്നത് ഏത് തരംഗങ്ങളായിട്ടാണ്?

(A) അനുപ്രസ്ഥ തരംഗം
(B) ഹ്രസ്വ തരംഗം
(C) അനുദൈർഘ്യ തരംഗം
(D) ദീർഘ തരംഗം

70. ഏറ്റവും ദൈർഘ്യം കുറഞ്ഞ ദിനരാത്രങ്ങളുള്ള ഗ്രഹം ഏത്?

(A) ബുധൻ
(B) ശുക്രൻ
(C) വ്യാഴം
(D) നെപ്റ്റ്യൂൺ

71. മനുഷ്യഹൃദയത്തിന്റെ അറകളുടെ എണ്ണം എത്ര?

(A) 4
(B) 3
(C) 2
(D) 1

72. ചൂടാക്കിയാൽ നശിക്കുന്ന വിറ്റാമിൻ ഏത്?

(A) വിറ്റാമിൻ ബി
(B) വിറ്റാമിൻ എ
(C) വിറ്റാമിൻ ഡി
(D) വിറ്റാമിൻ സി

73. കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്നതെവിടെ?

(A) ശ്രീകാര്യം
(B) പട്ടാമ്പി
(C) പന്നിയൂർ
(D) മണ്ണുത്തി

74. വായു വഴി പകരുന്ന ഒരു അസുഖം :

(A) എലിപ്പനി
(B) പന്നിപ്പനി
(C) ഡെങ്കിപ്പനി
(D) മലമ്പനി

75. വനഭൂമി ഏറ്റവും കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം ഏത്?

(A) കേരളം
(B) ഹരിയാന
(C) ആസ്സാം
(D) തമിഴ്നാട്

76. ശ്രീവിശാഖ്, ശ്രീസന്ധ്യ, ശ്രീജയ എന്നിവ എന്താണ്?

(A) സങ്കരയിനം മുളക്
(B) സങ്കരയിനം നെല്ല്
(C) സങ്കരയിനം മത്തൻ
(D) സങ്കരയിനം മരച്ചീനി

77. രക്തം കട്ട പിടിക്കാൻ ആവശ്യമായ വിറ്റാമിൻ ഏത്?

(A) വിറ്റാമിൻ കെ
(B) വിറ്റാമിൻ ഇ
(C) വിറ്റാമിൻ എ
(D) വിറ്റാമിൻ ബി

78. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി ഏത്?

(A) ഉമിനീർ ഗ്രന്ഥി
(B) കരൾ
(C) കണ്ണുനീർ ഗ്രന്ഥി
(D) പാൻക്രിയാസ്

79. ബാക്ടീരിയ മൂലം ഉണ്ടാകുന്ന പനിയേത്?

(A) ഡെങ്കിപ്പനി
(B) പന്നിപ്പനി
(C) എലിപ്പനി
(D) പക്ഷിപ്പനി

80. മനുഷ്യന്റെ പാൽപ്പല്ലുകളുടെ എണ്ണം എത്ര?

(A) 32
(B) 28
(C) 20
(D) 18

81. $\frac{5.236}{0.05236}$ ന്റെ വില :

(A) 10 (B) 100

(C) 1000 (D) 0.01

82. രണ്ട് സംഖ്യകളുടെ ലസാഗു 105. അവയുടെ ഉസാഘ 3. ഒരു സംഖ്യ 21 ആയാൽ രണ്ടാമത്തെ സംഖ്യ ഏത്?

(A) 25 (B) 18

(C) 15 (D) 12

83. 13 ന്റെ വർഗ്ഗം 169 ആണെങ്കിൽ 1.69 ന്റെ വർഗ്ഗമൂലം എത്രയാണ്?

(A) 1.3 (B) 1.03

(C) 0.13 (D) 0.013

84. ഒരു പ്രത്യേക സ്ഥലത്ത് ഒരാഴ്ചയിലെ ആദ്യ അഞ്ച് ദിവസങ്ങളിൽ രേഖപ്പെടുത്തിയ ചൂട് ഇപ്രകാരമാണ്.

തിങ്കൾ 32°C, ചൊവ്വ 35°C, ബുധൻ 33°C, വ്യാഴം 36°C, വെള്ളി 30°C. എങ്കിൽ ആ സ്ഥലത്തെ അഞ്ച് ദിവസങ്ങളിലെ ശരാശരി ചൂട് എത്ര?

(A) 30.5°C (B) 31.6°C

(C) 32.1°C (D) 33.2°C

85. ഒരു സംഖ്യയുടെ അഞ്ചിലൊന്ന് ഭാഗത്തിന്റെ മൂന്നിലൊന്ന് 15 ആയാൽ സംഖ്യ ഏത്?

(A) 45 (B) 75

(C) 225 (D) 343

86. ഒരു സാധനം 500 രൂപയ്ക്ക് വിറ്റപ്പോൾ 20% നഷ്ടം ഉണ്ടായെങ്കിൽ സാധനത്തിന്റെ വാങ്ങിയ വില എത്രയാണ്?

(A) 480 (B) 525

(C) 580 (D) 625

87. മണിക്കൂറിൽ 20 കി.മീ. വേഗതയിൽ സഞ്ചരിക്കുന്ന ഒരു തീവണ്ടിയുടെ നീളം 300 മീറ്റർ ആണ്. 700 മീറ്റർ നീളമുള്ള ഒരു പാലം കടക്കുവാൻ ആ തീവണ്ടി എത്ര മിനിട്ടെടുക്കും?

(A) 2 (B) 3

(C) 4 (D) 5

88. ഒരു സംഖ്യയുടെ പകുതി 80 ന്റെ പത്തിലൊന്ന് ആയാൽ സംഖ്യ ഏത്?

(A) 16
(B) 8
(C) 10
(D) 4

89. $6 \times 0.6 \times 0.06$ ന്റെ വില :

(A) 21.6
(B) 0.216
(C) 2.16
(D) 6.66

90. $\frac{1}{13}+\frac{1}{78}-\frac{1}{39}=$

(A) $\frac{2}{13}$
(B) $\frac{4}{39}$
(C) $\frac{5}{78}$
(D) $\frac{7}{139}$

91. $56 \times 8 \div 8 - 9 + 4 =$

(A) 51
(B) 63
(C) 75
(D) 86

92. $3 \times 4 = 25$, $4 \times 5 = 41$ ആയാൽ $5 \times 6$ എത്രയാണ്?

(A) 51
(B) 54
(C) 59
(D) 61

93. 1, 8, 27, 64, 125, ....... എന്ന ശ്രേണിയുടെ അടുത്ത പദം ഏത്?

(A) 250
(B) 246
(C) 216
(D) 196

94. രാജന് മനോജിനേക്കാൾ 5 വയസ്സ് കൂടുതലും സുരേഷിനേക്കാൾ 4 വയസ്സ് കുറവുമാണ്. അവരുടെ വയസ്സിന്റെ തുക 38 ആയാൽ രാജന്റെ വയസ്സ് എത്ര?

(A) 10
(B) 13
(C) 16
(D) 18

95. ഒറ്റയാനെ കണ്ടെത്തുക :

(A) 51 (B) 34

(C) 65 (D) 41

96. ഒരു പട്ടികയിൽ സീതയുടെ സ്ഥാനം മുകളിൽ നിന്ന് 8-ാമതും താഴെ നിന്ന് 13-ാമതും ആണെങ്കിൽ ആ പട്ടികയിൽ ആകെ എത്ര പേരുണ്ട്?

(A) 20 (B) 21

(C) 23 (D) 19

97. തന്നിട്ടുള്ള ബന്ധത്തിന് സമാനമായ ബന്ധം കണ്ടെത്തി പൂരിപ്പിക്കുക :

ലിറ്റർ : വ്യാപ്തം : ചതുരശ്രമീറ്റർ : ________

(A) ഭാരം (B) ദൂരം

(C) വിസ്തീർണ്ണം (D) നീളം

98. $9 [6 - \{4 - (8-3) + 2\} - 5] =$

(A) –9 (B) 0

(C) 9 (D) 18

99. വിട്ടുപോയ പദം പൂരിപ്പിക്കുക :

4 : 32 : 6 : ________

(A) 72 (B) 86

(C) 94 (D) 108

100. EF = 15 ആയാൽ JK എത്രയാണ്?

(A) 55 (B) 63

(C) 92 (D) 110